കോൺസ്റ്റബിൾമാരുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിക്കാൻ നടപടി

122 (1057) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ പ്രാഥമിക പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ച് അവർക്ക് ഗ്രേഡ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലിരിക്കുകയാണ്.

(ബി&സി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസുകാരുടെ ജോലിസമയം

123 (1058) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാരുടെ ജോലി സമയം എട്ടു മണിക്കൂറായി നിജപ്പെടുത്തണമെന്ന് ജോസഫ് കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശ ഗവൺമെന്റിന് നൽകിയത് എന്നാണ് ;

(സി) ഈ ശുപാർശ അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാവരുടെയും ജോലി സമയം എട്ടുമണിക്കൂറായി തീരുമാനമെടുക്കാൻ എത്ര കാലതാമസം വരുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1992 നവംബർ മാസത്തിൽ

(സി) എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് അസോസിയേഷനുകളുമായി ചർച്ച നടത്തി തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly